നം. G4-5047/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 11.04.2018.
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - സായംപ്രഭാ പദ്ധതി - സായം പ്രഭാ ഹോമുകളെ റിസോഴ്സ് സെന്ററുകളാക്കി ഉയർത്തുന്നത് - പ്രൊപ്പോസലുകൾ സമർപ്പിക്കാൻ ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന :- 10.04.2018-ൽ പൂജപ്പുര കോൺഫറൻസ് ഹാളിൽ വച്ച് നടന്ന അവലോകന യോഗം.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്ത് പഞ്ചായത്തുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വയോജന പകൽ പരിപാലന കേന്ദ്രങ്ങളെ സായം പ്രഭാ ഹോമുകളാക്കി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി 2017-18-ൽ ആരംഭിക്കുകയും ആ വർഷം 70 പകൽ പരിപാലന കേന്ദ്രങ്ങൾക്ക് ഫണ്ട് അനുവദിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ സായംപ്രഭ ഹോമുകളാക്കി മാറ്റുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ള പകൽ പരിപാലന കേന്ദ്രങ്ങളിൽ നിന്ന് ഒരു ജില്ലയിൽ ഒന്നുവീതം തെരഞ്ഞെടുത്ത് വിവിധ വയോജന സേവനങ്ങൾ ലഭ്യമാകുന്ന റിസോഴ്സ് സെന്ററുകളാക്കി മാറ്റുന്നതിന് തീരുമാനിക്കുകയും, ആയതിന് അനുസൃതമായി പ്രൊപ്പോസലുകൾ സമർപ്പിക്കാൻ സൂചന അവലോകന യോഗത്തിൽ ജില്ലാ ആഫീസർമാരോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതിനാൽ 30.04.2018നകം മികച്ച പ്രൊപ്പോസലുകൾ സമർപ്പിക്കാൻ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരോട് നിർദ്ദേശിക്കുന്നു. അതോടൊപ്പം പുതുതായി സായംപ്രഭാ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പകൽ പരിപാലന കേന്ദ്രങ്ങളുടെ ലിസ്റ്റും ആവശ്യമായ തുകയും റിപ്പോർട്ട് ചെയ്യേണ്ടതും നിലവിൽ ഫണ്ട് അനുവദിച്ചിട്ടുള്ള പകൽ പരിപാലന കേന്ദ്രങ്ങളെ മികച്ച സായംപ്രഭാ ഹോമുകളാക്കി നടപ്പ വർഷത്തിൽ മാറ്റുന്നതിനും ഇതിലേയ്ക്ക് ആവശ്യമായ തുകയും നടപടി പുരോഗതിയും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

AN